"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികവർഗ്ഗ വികസനവകുപ്പ് - ഗോത്രബന്ധു പദ്ധതി - 2025-2026 അദ്ധ്യയന വർഷത്തേക്ക് മെന്റർ ടീച്ചർമാരെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.315/2025/SCSTD തീയതി,തിരുവനന്തപുരം, 08-05-2025

---

പരാമർശം:- 1. സ.ഉ.(സാധാ)നം.71/2025/പജപവവിവ തീയതി 28.01.2025

2. പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറുടെ 14.02.2025, 29.03.2025 തീയതികളിലെ STDD/1483/2024-C3 നമ്പർ കത്തുകൾ.

**ഉത്തരവ്**

നിലവിൽ നിയമിതരായ മെന്റർ ടീച്ചർമാർക്ക് 2024-2025 അധ്യയന വർഷം കൂടി തുടരുന്നതിനും, മെന്റർ ടീച്ചർമാരുടെ നിയമനം സംബന്ധിച്ച അധിക മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായ ചർച്ചയ്ക്കു ശേഷം പരിഗണിക്കുന്നതാണെന്നും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

2. അടുത്ത അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുന്നോടിയായി മെന്റർ ടീച്ചർമാരുടെ നിയമനം സമയബന്ധിതമായി പൂർത്തീകരിച്ച് പരിശീലനം നൽകേണ്ടതാണെന്നും, യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷകൾ ക്ഷണിച്ച്, ചോദ്യപേപ്പർ തയ്യാറാക്കി, പരീക്ഷ നടത്തി, റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണെന്നും, ടി വിഷയത്തിൽ തീരുമാനം കൈക്കൊണ്ട് അടുത്ത അദ്ധ്യയന വർഷ (2025-26) ത്തിന് മുൻപ് മെന്റർ ടീച്ചർമാരെ നിയമിക്കുന്നതിൽ നടപടി സ്വീകരിക്കുന്നതിന് പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. നിലവിലെ മെന്റർ ടീച്ചർമാർക്ക് ഒരു വർഷം (2025-26 അധ്യയന വർഷം) കൂടി തുടരുന്നതിനും, ഈ വർഷം വിരമിച്ചവരുടെ ഉൾപ്പെടെയുള്ള ഒഴിവുകൾ നികത്തുന്നതിന് അപേക്ഷകൾ ക്ഷണിച്ച്, നിയമനം നടത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ.പി.എസ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ / ആഡിറ്റ്) കേരള, തിരു.
പൊതുവിദ്യാഭ്യാസ വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
ഉത്തരവിൻ പ്രകാരം
Rani K C
Date: 08-05-2025 14:02:32
സെക്ഷൻ ഓഫീസർ

പകർപ്പ് -

ബഹു.പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കവിഭാഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്

പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്